പാലുൽപ്പാദനത്തിൽ കുറവ്

71 (1470) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്;

(ബി) കടുത്ത വേനൽമൂലം പാലുല്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ എത്ര ലിറ്റർ ശരാശരി കുറവുണ്ടായിട്ടുണ്ട് ;

(സി) വേനൽക്കാലത്ത് പാലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്ത് നടപടികളാണ് ക്ഷീരവികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ക്ഷീര കർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി പ്രോത്സാഹിപ്പിക്കാനും, അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രതിദിനം ശരാശരി 80 ലക്ഷം ലിറ്റൽ പാൽ ഉൽപ്പാദിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി&സി) ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ മിൽമ സംഭരിക്കുന്ന പാലിന്റെ അളവിൽ ചെറിയ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കാൻ അയൽസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി പാൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡിയായി സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ എന്ന നിരക്കിൽ ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ പാലുൽപ്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് തീറ്റപ്പുൽക്കൃഷി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

പാലുൽപ്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് ക്ഷീര കർഷകർക്ക് വിതരണം ചെയ്യുവാൻ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 4 കോടി രൂപ ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ 2015 ഫെബ്രുവരി 11 മുതൽ ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് 2 രൂപാവീതം പ്രത്യേക ഇൻസെന്റീവ് നൽകുന്നുണ്ട്. ഇതിന് പുറമേ ഫെഡറേഷൻ 2014-15 സാമ്പത്തിക വർഷത്തിൽ ഏകദേശം 10 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly